# ‘ദൂതൻമാരുടെ കാവൽ’

## സങ്കീർത്തനങ്ങൾ 91:11

‘‘നിന്റെ എല്ലാവഴികളിലും നിന്നെ കാക്കേണ്ടതിന്നു അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും.’’

ദൈവമക്കളാകുന്ന നമുക്ക് ഓരോരുത്തർക്കും നമ്മുടെ ചുറ്റിലും അദൃശ്യമായ ദൂതഗണങ്ങളുടെ കാവലുണ്ടെന്ന് ഉറപ്പു നൽകുന്ന ഒരു വാക്യമാണിത്. എന്നാൽ ഇത് എത്രത്തോളം നമുക്ക് അനുഭവിക്കാൻ കഴിയുന്നു എന്നതാണ് പ്രധാനം. ദൂതന്മാരുടെ കാവലിനെ സാധൂകരിക്കുന്ന അനേകം ദൃഷ്ടാന്തങ്ങൾ നമുക്ക് വചനത്തിൽ കാണാൻ സാധിക്കും. ദൈവഹിതത്തിന് അനുസൃതമായി മുന്നേറുന്ന ഒരു ഭക്തന് തന്റെ ജീവിതത്തിൽ പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും നടുവിൽ ഈ വലിയ കാവൽ കാണുവാനും അനുഭവിക്കാനും കഴിയും. അതിന് ഒന്നാമതായി പ്രതിസന്ധിയിൽ തളരാതെ ഉറപ്പോടെ കർത്താവിനുവേണ്ടി നിൽക്കുവാനുള്ള വിശ്വാസം വേണം.

അപ്പൊസ്തലന്മാർ വളരെ ശക്തിയോടെ വചനം പ്രഘോഷിക്കുകയും അവരുടെ കൈയാൽ മഹാ അത്ഭുതങ്ങളും അടയാളങ്ങളും നടക്കുകയും, രോഗികൾ സൗഖ്യമാക്കപ്പെടുകയും ചെയ്യുന്നതു കണ്ട് അസൂയപ്പെട്ട മഹാപുരോഹിതനും അവന്റെ പക്ഷക്കാരും അപ്പൊസ്തലന്മാരെ പൊതുതടവിലാക്കി. എന്നാൽ കർത്താവിനുവേണ്ടി, അവന്റെ സുവിശേഷത്തിനുവേണ്ടി നിലനിന്ന അപ്പൊസ്തലന്മാരെ വിടുവിക്കാൻ കർത്താവിന്റെ ദൂതൻ വന്നു കാരാഗൃഹവാതിൽ തുറന്നു എന്ന് വചനത്തിൽ കാണാം (Acts 5:19). അവർ കാരാഗൃഹത്തിൽ നിന്ന് പുറത്തുവന്ന് ജീവന്റെ വചനം വീണ്ടും ശക്തിയോടെ പ്രഘോഷിക്കുന്നത് നമുക്കു കാണാം.

രണ്ടാമതായി പ്രാർത്ഥനയുടെ ബലം വേണം. ഹെരോദാ രാജാവ് പത്രോസ് അപ്പൊസ്തലനെ കാരാഗൃഹത്തിൽ അടച്ചതിനുശേഷം സഭ പത്രോസിനുവേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിച്ചുപോന്നു. അനേകർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്ന രാത്രിയിൽ കർത്താവിന്റെ ദൂതൻ പത്രോസിനു കാരാഗൃഹത്തിൽ പ്രത്യക്ഷനാകുകയും അവനെ അവിടെനിന്നു രക്ഷപെടുത്തുകയും ചെയ്യുന്നത് നമുക്ക് വായിക്കാം (Acts 12:7-12).

മൂന്നാമതായി നമ്മുടെ ആത്മീയകണ്ണുകൾ തുറക്കണം. ഏലീശാ പ്രവാചകനോട് തന്റെ ദാസൻ പറയുന്നു, അരാം രാജാവിന്റെ സൈന്യം പട്ടണം വളഞ്ഞിരിക്കുന്നു, യജമാനനേ നാം ഇനി എന്തു ചെയ്യും? ആപൽഘട്ടങ്ങളിൽ നാം ഓരോരുത്തരും ചോദിക്കുന്ന ചോദ്യം

ആണിത്. നാം ഇനി എന്തു ചെയ്യും? അതിന് ഏലീശാ പ്രവാചകൻ പറഞ്ഞ ഉത്തരം വളരെ ശ്രദ്ധേയമാണ്. "പേടിക്കണ്ട നമ്മോടു കൂടെയുള്ളവർ അവരോടു കൂടെയുള്ളവരെക്കാൾ അധികം" (2 Kings 6:15-17). ഇതാണ് നമ്മുടെ ഉറപ്പ്.

നമ്മുടെ ആപൽഘട്ടങ്ങളിൽ, പ്രതിസന്ധികളിൽ നാം നമ്മോടുതന്നെ പറയേണ്ട ഉത്തരം ആണിത്. നമ്മെ വിളിച്ചവന്റെ, നയിക്കുന്നവന്റെ, കാക്കുന്നവന്റെ ബലത്തിൽ, ശക്തിയിൽ, മഹത്വത്തിലുള്ള ഉറപ്പ് നമുക്കു വേണം. പിന്നീടു ഏലീശാ പ്രവാചകൻ പ്രാർത്ഥിച്ചു. ദാസന്റെ കണ്ണു തുറന്നു. പ്രവാചകന്റെ ചുറ്റും അഗ്നിമയമായ കുതിരകളും, രഥങ്ങളും അവൻ കണ്ടു. നമ്മുടെ ഉൾക്കണ്ണുകളെ തുറന്നാൽ മാത്രമെ നമുക്കു ചുറ്റുമുള്ള കാവൽ കാണുവാൻ സാധിക്കുകയുള്ളു. അതിനായി പ്രാർത്ഥനയോടെ, വിശ്വാസത്തോടെ ദൈവ സാന്നിധ്യത്തിൽ നമ്മൾ ആയിരിക്കണം. അപ്പോൾ എല്ലാ വഴിയിലും നമ്മെ കാക്കേണ്ടതിനു ദൈവം കല്പിച്ചാക്കിയ ദൂതന്മാരുടെ സാന്നിധ്യം നമുക്കു കാണുവാനും അനുഭവിക്കുവാനും കഴിയും.

പരാമർശം:

മത്തായി 18:10,11

ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു.

സിസ്റ്റർ റീന ഷാജി ഏബ്രഹാം പള്ളിപ്പാട് 006